Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
TO SERVE IN TRUTH AND LOVE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

25th November 2010

All Kerala Press Release
***Ref:*** *155/POC/DIR*

**ലെയോ പതിമൂന്നാമൻ മാർപാപ്പയെക്കുറിച്ച് പഠനശിബിരം നാളെ (27.11.2010)**

കൊച്ചി: ഭാരത കത്തോലിക്കാസഭയുടെ വളർച്ചയിൽ നിർണായകമായ സ്വാധീനം ചെലുത്തിയ മഹാനായ ലെയോ പതിമൂന്നാമൻ മാർപാപ്പയുടെ രണ്ടാം ജന്മശതാബ്ദി ആചരണത്തിന്റെ ഭാഗമായി കേരള കത്തോലിക്കാസഭയുടെ ആഭിമുഖ്യത്തിൽ ഏകദിന പഠനശിബിരം സംഘടിപ്പിക്കുന്നു. കൊച്ചിയിലെ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ വച്ച് 2010 നവംബർ 27–ാം തീയതി ശനിയാഴ്ച സംഘടിപ്പിക്കുന്ന പഠനശിബിരം കൊച്ചി രൂപത മെത്രാൻ റൈറ്റ് റവ. ഡോ. ജോസഫ് കരിയിൽ ഉദ്ഘാടനം ചെയ്യും. 'ലെയോ പതിമൂന്നാമൻ മാർപാപ്പയുടെ വ്യക്തിത്വവും ദർശനവും' എന്ന വിഷയത്തിൽ കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി റക്ടർ റവ. ഡോ. അലക്സ് താരമംഗലം, 'ഇന്ത്യൻ സഭാഭരണസംവിധാനങ്ങളിൽ ലെയോ പതിമൂന്നാമൻ മാർപാപ്പായുടെ സംഭാവന' എന്നതിനെ ആസ്പദമാക്കി പി.ഒ.സി. പ്രീഫെക്ട് ഓഫ് സ്റ്റഡീസ് റവ. ഡോ. മരിയാൻ അറയ്ക്കൽ, 'കിഴക്കിന്റെ മഹത്വം കണ്ട പാപ്പ' എന്നതിനെക്കുറിച്ച് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ഫിലിപ്പ് നെൽപുരപറമ്പിൽ, 'റേരും നൊവാരും ഒരു പുനർവായന' എന്ന വിഷയത്തിൽ കേരള ലേബർ മൂവ്മെന്റ് സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോസഫ് ജൂഡ് എന്നിവർ ക്ലാസ്സുകൾ നയിക്കും. ലെയോ പതിമൂന്നാമൻ മാർപാപ്പയുടെ വ്യക്തിത്വത്തിലേക്കും ദർശനങ്ങളുടെ കാലിക പ്രസക്തിയിലേക്കും വെളിച്ചം വീശുന്ന പഠനശിബിരം പി.ഒ.സി. യിലെ പാസ്റ്ററൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടാണ് സംഘടിപ്പിക്കുന്നത്.

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.